1801
23/11/18

കേരള സർക്കാർ

**സംഗ്രഹം**

പിന്നാക്ക വിഭാഗ വികസന വകുപ്പ് - പട്ടികജാതി വികസന വകുപ്പ് അഡീഷണൽ ഡയറക്ടർ ശ്രീ. എം. എൻ. ദിവാകരനെ പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

## പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്

സ. ഉ (സാധാ) നം.03/2018/പി.വി.വി.വ. തീയതി, തിരുവനന്തപുരം, 22.01.2018.

==========================================================================

പരാമർശം:- 1. സ.ഉ.(സാധാ.) നം. 124/2017/പി.വി.വി.വ, തീയതി 15.11.2017.
2. ശ്രീ. എം. എൻ. ദിവാകരന്റെ 18.11.2017 -ലെ അപേക്ഷ.

## ഉത്തരവ്

പരാമർശ ഉത്തരവ് പ്രകാരം പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ താൽക്കാലിക അധിക ചുമതല പട്ടികജാതി വികസന വകുപ്പ് അഡീഷണൽ ഡയറക്ടറായ ശ്രീ. എം. എൻ. ദിവാകരന് നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ബഹു, കേരള ഹൈക്കോടതി യുടെ 2017 ഒക്ടോബർ 30 -ലെ WP(C) No. 27154/2017 വിധിന്യായ പ്രകാരം ടിയാന്റെ പേരിലുള്ള VC7/15/KKD നമ്പർ വിജിലൻസ് കേസ് അവസാനിപ്പിച്ചിട്ടുണ്ടെന്നും, അതിനാൽ പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറായി നിയമിച്ച് ഉത്തരവാകണമെന്നും പരാമർശം 2 പ്രകാരം ശ്രീ. എം. എൻ. ദിവാകരൻ അപേക്ഷയിൽ അഭ്യർത്ഥിക്കുക യുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു. ഹൈക്കോടതിയുടെ 30.10.2017 -ലെ WP(C) No. 27154/2017 വിധിന്യായ പ്രകാരം ശ്രീ. എം. എൻ. ദിവാകരന് ഏതിരെയുള്ള VC7/15/KKD നമ്പർ കേസ് അവസാനിപ്പിച്ച് വിജിലൻസ് ക്ലിയറൻസ് ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ പട്ടികജാതി വികസന വകുപ്പ് അഡീഷണൽ ഡയറക്ടർ ശ്രീ.എം.എൻ. ദിവാകരനെ പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**ഡോ. വേണു. വി**
**പ്രിൻസിപ്പൽ സെക്രട്ടറി**

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, അയ്യങ്കാളി ഭവൻ, വെള്ളയമ്പലം, തിരുവനന്തപുരം
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം
ശ്രീ. എം. എൻ. ദിവാകരൻ, ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ &ഇ ), തിരുവനന്തപുരം.
ഡയറക്ടർ, ഐ & പി. ആർ. ഡി. (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ